**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1754** **04.10.2016 - ൽ മറുപടിക്ക്**

# നന്മ സ്റ്റോറുകളിലെ നിയമനവുമായി ബന്ധപ്പെട്ടു നടന്ന അഴിമതി

**ചോദ്യം**

**ശ്രീ.സി.കെ. ഹരീന്ദ്രൻ**

**മറുപടി**

**ശ്രീ. എ.സി.മൊയ്തീൻ**
**(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച നന്മ സ്റ്റോറുകളിലെ നിയമനവുമായി ബന്ധപ്പെട്ട് അഴിമതി നടന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അന്വേഷിക്കുന്നതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നന്മ സ്റ്റോറുകളിൽ ജീവനക്കാരെ നിയമിച്ച് യാതൊരു വിധ നിയമന ഉത്തരവും നൽകിയിട്ടില്ല. നന്മാസ്റ്റോറുകളുടെ പ്രവർത്തനത്തിനായി താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ പ്രാദേശിക തലത്തിൽ നിയോഗിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ദിവസ വേതനക്കാരെ ഒഴിവാക്കിയ സാഹചര്യത്തിൽ ഭീമമായ തുകകൾ പല വ്യക്തികൾക്കും നൽകിയാണ് അവർ ജോലി നേടിയിട്ടുള്ളത് എന്നതിനാൽ അവരെ ഒഴിവാക്കരുത് എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കൃത്യമായി ആർക്കാണ് തുകകൾ നൽകിയതെന്ന് സംബന്ധിച്ച് രേഖാമൂലം തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ബി) | പാറശ്ശാല മണ്ഡലത്തിലെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പ്എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | പാറശ്ശാല നിയോജക മണ്ഡലത്തിലെ പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ ഫെഡറേഷന്റെ ഒരു ത്രിവേണി സ്റ്റോറും, 2 നീതി സ്റ്റോറുകളും, 3 നന്മ സ്റ്റോറുകളും പ്രവർത്തിയ്ക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സാധനങ്ങൾ യഥേഷ്ടം മാർക്കറ്റ് വിലയേക്കാൾ വിലക്കുറവിൽ ലഭ്യമാക്കി വിപണി ഇടപെടൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ ഫെഡറേഷൻ ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ മൊബൈൽ ത്രിവേണിയുടെ റൂട്ട് പാറശ്ശാല നിയോജകമണ്ഡലത്തിലേയ്ക്ക് കൂടി ലഭ്യമാകുന്ന രീതിയിൽ പുന:ക്രമീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ